കണ്ടുപിടിച്ച് പരിശീലനം കൊടുത്ത് അവരെ മൽസര രംഗത്തേക്ക് കൊണ്ടുവന്ന് വിജയിപ്പിക്കുകയും ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കുകയും ചെയ്യുന്ന സ്കൂളുകൾക്ക്, കൂടുതൽ പോയിന്റ് വാങ്ങുന്നവർക്ക് ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് 75,000 രൂപയും മൂന്നാം സ്ഥാനത്തിന് 50,000 രൂപയുമാണ് സർക്കാരിൽനിന്നും പ്രോൽസാഹനമായി കൊടുത്തുകൊണ്ടിരിക്കുന്നത്. അവർ ഈ കാര്യത്തിൽ വഹിക്കുന്ന ചെലവുകളെല്ലാം പരിഗണിച്ചുകൊണ്ട് ഒന്നാം സ്ഥാനത്തിന് അഞ്ച് ലക്ഷം രൂപയും രണ്ടാംസ്ഥാനത്തിന് മൂന്ന് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് രണ്ട് ലക്ഷം രൂപയും പ്രോൽസാഹന സമ്മാനമായി കൊടുക്കുകയാണെങ്കിൽ അവർക്ക് ഇത് പ്രാവർത്തികമാക്കുന്നതിന്റെ ആത്മാർത്ഥതയ്ക്കുള്ള ഒരു അംഗീകാരവും ഇതിൽ പങ്കെടുത്ത് സമ്മാനാർഹരാകുന്നവർക്ക് ആശ്വാസകരവുമായിത്തീരുന്നത് പരിഗണിച്ചുകൊണ്ടുള്ള നടപടിയുമുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സ്പോർട്സ് മേഖലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന സ്കൂളുകൾക്ക് ശ്രീ. വി. ജെ. പൗലോസ് പറഞ്ഞതുപോലെ ഒരു ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ എന്ന നിലയിലാണ് നൽകിവരുന്നത്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻവേണ്ടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് യഥാക്രമം 600 രൂപയും, 500 രൂപയും, 400 രൂപയും കൊടുക്കുന്നുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ആ സംഖ്യ മതിയാകുമെന്നുള്ള നിലയിലാണ് ഇത് വച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ ഈ സംഖ്യ വർദ്ധിപ്പിക്കുന്ന സമയത്ത് സ്കൂളുകൾ തമ്മിൽ അനാരോഗ്യകരമായ ഒരു മൽസരം വളർന്നുവരുമെന്നുള്ളതാണ്. ഇതിന്റെ സംഖ്യ കാലാനുസൃതമായി ചെറിയ തോതിൽ വർദ്ധിപ്പിക്കുന്നകാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(14) കേരളത്തിന്റെ ഭൂമിയിൽ തമിഴ്നാട് നടത്തുന്ന അനധികൃത സർവ്വേ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, വളരെ ഗൗരവതരമായിട്ടുള്ള ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിന്റെ ഭൂമി തമിഴ്നാട് അനധികൃതമായി കൈയേറുന്നുവെന്നുള്ള നിരവധി റിപ്പോർട്ടുകൾ പല സമയത്തായി വന്നിട്ടുണ്ട്. ജലസേചന പദ്ധതിക്കുവേണ്ടി സർവ്വേ നടക്കുന്നു. അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയുടെ പേരിൽ അച്ചൻകോവിൽ വനാതിർത്തിയിൽ കേരളത്തിന്റെ ഭൂമിയിൽ സർവ്വേ നടക്കുന്നുയെന്ന റിപ്പോർട്ട് അക്കാലത്ത് വരുകയുണ്ടായി. അതുപോലെ ചില സ്ഥലങ്ങളിൽ അവരുടെ സ്ഥലമാണെന്നുപറഞ്ഞ് തമിഴ്നാട് ബോർഡുകൾ സ്ഥാപിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ വരുകയുണ്ടായി. ഇപ്പോൾ രാമക്കൽമേടിൽ വിൻഡ് ഫാമിനുവേണ്ടി സ്വകാര്യ കമ്പനി അനധികൃത സർവ്വേ നടത്തിയെന്നുള്ള റിപ്പോർട്ടാണ് ഏറ്റവും ഒടുവിൽ വന്നിരിക്കുന്നത്. ജൂലൈ 25-ാം തീയതി തിങ്കളാഴ്ച മലയാള മനോരമ

LIBRARY ARCHIVES Kerala Legislative Assembly

പത്രത്തിൽ വന്നിരിക്കുന്ന വാർത്ത കേരളം ടൂറിസം വികസനം നടത്തിക്കൊണ്ടിരുന്ന രാമക്കൽമേടിൽ തമിഴ്നാടുമായുള്ള അതിർത്തിയിൽ താമസിക്കുന്ന അമ്പതോളം കർഷകരുടെ വിളഭൂമിയും പത്തിലേറെ വീടുകളും തമിഴ്നാടിന്റെ പരിധിയിലുൾപ്പെടുത്തിക്കൊണ്ടാണ് അവർ സർവ്വേ നടത്തിയിരിക്കുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. നിരന്തരമായി ഇങ്ങനെയുള്ള കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഉണ്ടാക്കിയിട്ടുള്ള പല അന്തർ സംസ്ഥാന നദീജല കരാറുകളിലൂടെ നമ്മുടെ താൽപ്പര്യങ്ങൾ വേണ്ടതുപോലെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിമർശനവും ഉണ്ടായിട്ടുണ്ട്. ഇത് വളരെ ഗൗരവതരമായി കാണേണ്ട ഒരു കാര്യമാണ്. ഇത് എന്നന്നേക്കുമായി അവസാനിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഭൂമി സംരക്ഷിക്കാനും, കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനുമുള്ള കർശനമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, വനം വകുപ്പിനെ സംബന്ധിച്ച് രണ്ട് പ്രധാനപ്പെട്ട സ്ഥലങ്ങളിലാണ് ഭൂമി കൈയേറ്റം ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. ഒന്ന് കാസർഗോഡ് ജില്ലയിലെ മണ്ടക്കോൽ ഭാഗത്ത്. കർണ്ണാടക സംസ്ഥാനവുമായി ഉദ്ദേശം അഞ്ച് കിലോമീറ്റർ അതിർത്തി സംബന്ധിച്ചുള്ള തർക്കം നിലവിലുണ്ട്. അതുപോലെതന്നെ പാലക്കാട് ജില്ലയിലെ മുള്ളി, കിണ്ണക്കര, ആനക്കട്ടി, മൂലഗംഗ ഈ സ്ഥലങ്ങളിൽ തർക്കം നിലവിലുണ്ട്. അതിൽ കുന്ത നദിയുടെ ഭാഗത്ത് ചെറിയ കൈയേറ്റമുണ്ടായിരുന്നു. ഉദ്യോഗസ്ഥൻമാരുമായി ഞാൻ ആ സ്ഥലത്തുപോയിരുന്നു.. ജെണ്ടയിട്ട പ്രദേശവും കേരളാതിർത്തിയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന കുന്ത നദിയും തമ്മിൽ മാർജിനൽ ആയിട്ടുള്ള ഏരിയായിൽ ഭൂമി കൈയേറുന്നതിനുള്ള ശ്രമവുമുണ്ടായി. പക്ഷേ, ആ ശ്രമമെല്ലാം നമ്മൾ ഒഴിവാക്കി. ആ ഭൂമി കേരളത്തിന്റെ കസ്റ്റഡിയിൽ തന്നെയാണ്. കിണ്ണക്കരയിൽ ഫോറസ്റ്റ് ഏരിയായിൽ പത്ത് നാൽപ്പത് വർഷമായി അവിടെ താമസിക്കുന്നവരെ സംബന്ധിച്ചും ഡിസ്പ്യൂട്ട് ഉള്ളതാണ്. അവിടെ ഫോറസ്റ്റിന്റെ ഒരു Out-post സ്ഥാപിച്ചതിനുശേഷം ആ കൈയേറ്റം ഏറക്കുറെ നിയന്ത്രണാവിധേയമാക്കാൻ കഴിഞ്ഞു. ആ കൈയേറ്റങ്ങൾ പരമാവധി കുറച്ചുകൊണ്ടുപോകുന്നതിന് കഴിഞ്ഞു. ആനക്കട്ടിയിൽ ഷോളയൂർ പഞ്ചായത്ത് – ഇതിന്റെ മറുഭാഗം തമിഴ്നാടാണ് – അവിടെ വീരപാണ്ഡ്യൻ പഞ്ചായത്ത് എന്നൊരു പഞ്ചായത്താണ് അപ്പുറത്തുള്ളത്. നമ്മുടേത് ഷോളയൂർ പഞ്ചായത്താണ്. അവിടെ അതിർത്തി നിർണ്ണയിച്ചിട്ടില്ല. അതിർത്തി നിർണ്ണയിക്കാത്തതുകൊണ്ട് ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് അവിടെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഞാൻ നേരത്തെ നിയമസഭയിൽ പറഞ്ഞിരുന്നതാണ് ഇപ്പോൾ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. സർവ്വേ ഡിപ്പാർട്ടുമെന്റ് അതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂലഗംഗയിൽ കൊടങ്കരപ്പള്ളം നദിയാണ് അതിർത്തിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സർവ്വെ ഡിപ്പാർട്ടുമെന്റിലെ രേഖയനുസരിച്ച് അതിന്റെ അതിർത്തിയിൽ മാറ്റമുണ്ടാകണമെന്ന് ഒരു രേഖയിൽ കാണുന്നുണ്ട്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല കൈകൂന്തൽ വില്ലേജിൽപ്പെട്ട രാമക്കൽമേട് കാർഡമം റിൽ റിസർവോയറിൽപ്പെട്ടതാണെങ്കിലും അവിടെ പുൽമേടുകളാണ് വളരുന്നത്. പ്രകൃതിയുടെ പ്രത്യേകതകൊണ്ട് അവിടെ വലിയ മരങ്ങൾ വളരുന്ന സ്ഥലമല്ല. അവിടെ തമിഴ്നാട് ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തി. പക്ഷേ, സംസ്ഥാന ഗവൺമെന്റ് ഇത് എടുത്തുമാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് പൂർണ്ണമായും നമ്മുടെ കസ്റ്റഡിയിലാണ്. അതുപോലെ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുവേണ്ടി തമിഴ്നാട് ഗവൺമെന്റ് നിയോഗിച്ച ഒരു ഏജൻസി നമ്മുടെ ഈ അതിർത്തിയിൽ വന്ന് സർവ്വെ നടത്തിയെന്ന് പറയുന്നത് ശരിയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിനെതിരെയുള്ള ശക്തമായ നടപടി നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുമിളി മുതൽ ശൂലപ്പാറവരെയുള്ള അതിർത്തിയിൽ ചെല്ലാർ, കോവിൽമേട്, ശൂലപ്പാറ എന്നീ സ്ഥലങ്ങളാണ് ഫോറസ്റ്റ് വകുപ്പിന്റെ കീഴിലുള്ളത്. ആ സ്ഥലങ്ങളിൽ കുമിളി റെയിഞ്ച് ആഫീസർമാർ പട്രോളിംഗ് നടത്തുന്നുണ്ട്. കൈയേറ്റമില്ലെന്ന് ഉറപ്പിക്കാൻവേണ്ടിയുള്ള നടപടികളും നമ്മൾ സ്വീകരിക്കുന്നുണ്ട്. അതുപോലെ അച്ചൻകോവിൽ നദിയുമായി ബന്ധപ്പെട്ട് മേക്കര ഡാമിൽ ഇതുമായി ബന്ധപ്പെട്ട സർവ്വേയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. എനിക്ക് ഒരുകാര്യം തറപ്പിച്ച് സൂചിപ്പിക്കാനുള്ളത്, കേരളത്തിന്റെ ഒരിഞ്ച് ഭൂമിപോലും മറ്റൊരു സംസ്ഥാനത്തിനും വിട്ടുകൊടുക്കാനോ കൈയേറ്റം നടത്താനോ അനുവദിക്കുന്ന പ്രശ്നമില്ല. കേരളത്തിനർഹതപ്പെട്ട വെള്ളം ഊറ്റിയെടുക്കുന്നതിന് അനുമതി കൊടുക്കുന്ന പ്രശ്നമില്ല. കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള എല്ലാ ഗവൺമെന്റുകളും – ഒരു ഗവൺമെന്റ് മാത്രമല്ല എല്ലാ ഗവൺമെന്റുകളും – അതിന് അനുകൂലമായ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്. കൈയേറ്റത്തെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെന്റ് അതിനെ ശക്തമായി നേരിടുന്നതാണ്. അതിന് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും സഹകരണമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(15) തലസ്ഥാന നഗരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ പ്രാവർത്തികമാക്കാനും തിരുവനന്തപുരത്തെ ഒരു മെട്രോ നഗരമായി ഉയർത്താനും നടപടി

ശ്രീ. പിരപ്പൻകോട് മുരളി: സർ, തലസ്ഥാന ജില്ലയോടും നഗരത്തോടും കാണിക്കുന്ന അവഗണന ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി, അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly